**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **28-07-2021 - ൽ മറുപടിയ്ക്ക്**

**കരൾരോഗ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മദ്യപാനം മൂലമല്ലാത്ത കരൾ രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നതും ഇതിനുള്ള ചികിത്സ വളരെ ചിലവേറിയതാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കരൾരോഗ പരിശോധനയ്ക്കായി താലൂക്കാശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എന്തൊക്കെ സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; | (ബി) | താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും കരൾ രോഗ നിർണ്ണയത്തിനുള്ള എല്ലാ ലബോറട്ടറി പരിശോധനകളും ലഭ്യമാണ്. എല്ലാ ജില്ലാ ആശുപത്രികളിലും മിക്ക താലൂക്കാശുപത്രികളിലും അൾട്രാ സൗണ്ട് സ്കാനിംഗിനുള്ള സൗകര്യം കൂടി ഉള്ളതിനാൽ കരൾ രോഗം കണ്ടെത്തുന്നതിന് സൗകര്യമുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ രോഗ ചികിത്സയ്ക്കായി കരൾ രോഗ സൂപ്പർ സ്പെഷ്യാലിററി ഒ.പി സേവനം (മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി) (കൊല്ലം, ഇടുക്കി. മഞ്ചേരി, എറണാകുളം, കാസർഗോഡ് ഒഴികെ) ലഭ്യമാണ്. അടിസ്ഥാനപരമായ രക്ത പരിശോധനകൾ, സ്കാനിംഗ് സേവനങ്ങൾ തുടങ്ങിയവയും ലഭ്യമാണ്. കരൾ രോഗസംബന്ധമായ ചികിത്സയ്ക്കാവശ്യമായ ഫൈബ്രോസ്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. കരൾ രോഗ സംബന്ധമായ ശസ്ത്രക്രിയകൾ ചെയ്യുന്ന സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ സേവനം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. കരൾ ബയോപ്സി സംവിധാനവും ലഭ്യമാണ്. |
| (സി) | ലക്ഷങ്ങൾ ചെലവു വരുന്ന കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജുകളിലും നിലവിലില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2016 ൽ തന്നെ ഒരു കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നിർത്തി വച്ചിരിക്കുകയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടർന്നും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഇപ്പോൾ ഒരുക്കി വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമില്ല. കരൾ മാറ്റി വയ്ക്കുന്നതിനുവേണ്ട ഓപ്പറേഷൻ തിയേററർ ഐ.സി.യു വും മറ്റു സൗകര്യങ്ങളും പുതുതായി ആരംഭിക്കാനിരിക്കുന്ന പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ ലഭ്യമാണ്. എന്നാൽ പി.എം.എസ്.എസ്.വൈ ബ്ലോക്ക് ഇപ്പോൾ കോവിഡ് ആശുപത്രിയാക്കി മാറ്റിയിരിക്കുകയാണ്. പി.എം.എസ്.എസ്.വൈ ബ്ലോക്ക് പ്രവർത്തനക്ഷമമാക്കിയും സ്റ്റാഫുകളെ നിയമിച്ചും ഈ വിഭാഗത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ